**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മത്സരപരീക്ഷാ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള എത്രപേർ കുടുംബശ്രീ മുഖേനയുള്ള മത്സരപരീക്ഷാ പരിശീലനം വഴി സർക്കാർ - അർദ്ധസർക്കാർ മേഖലയിൽ ജോലി നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കുടുംബശ്രീ മുഖാന്തിരം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി നടത്തിയ മത്സര പരീക്ഷ പരിശീലനത്തിലൂടെ ആകെ 164 ഉദ്യോഗാർത്ഥികൾക്ക് സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ തസ്തികകളിലാണ് നിയമനം നടന്നിട്ടുള്ളതെന്നും എത്ര പേർ നിലവിൽ വിവിധ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ, ടീച്ചർ, എൽ.ഡി ക്ലർക്ക്, ഓവർസീയർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അറ്റൻഡർ, ടൈപ്പിസ്റ്റ്, ജയിൽ വാർഡൻ, KSFE ജൂനിയർ അസിസ്റ്റന്റ് , യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, എൽ. ജി എസ്, പി.ഡബ്ല്യൂ.ഡി എഞ്ചിനീയർ, LIC ഓഫീസ് അസിസ്റ്റന്റ്, കോടതി അസിസ്റ്റന്റ്, ഹോസ്പിറ്റൽ സെർവെന്റ്, അസ്സിസ്റ്റന്റ് സെയിൽസ്മാൻ തുടങ്ങിയ തസ്തികകളിലേക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്.<br><br>മത്സര പരീക്ഷ പരിശീലനത്തിൽ പങ്കെടുത്ത 157 ഉദ്യോഗാർത്ഥികൾ നിലവിൽ സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള വിവിധ റാങ്ക് പട്ടികകളിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | മത്സര പരീക്ഷകൾക്കായി എത്ര പേർക്കാണ് വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | 2017 -18 വർഷം മുതൽ നാളിതുവരെ 1250 പേർക്ക് മത്സര പരീക്ഷകൾക്കായി വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ മൂന്ന് പ്രദേശങ്ങളിൽ (അട്ടപ്പാടി, ആറളം ഫാം, ആലപ്പുഴ ജില്ല) മത്സര പരീക്ഷ പരിശീലനം തുടരുന്നുണ്ട്. |
| (ഡി) | ആദ്യ ഘട്ടത്തിൽ ഏത് യോഗ്യതയുള്ളവരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | എസ്.എസ്.എൽ.സി, പ്രീഡിഗ്രി/പ്ലസ് ടു, ഡിഗ്രി യോഗ്യതയുള്ളവരെയാണ് ആദ്യ ഘട്ടത്തിൽ മത്സര പരീക്ഷ പരിശീലനത്തിൽ പങ്കെടുപ്പിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ